യിട്ട് എടുക്കുന്നത്. ഇതല്ലാതെ നാട്പാക്കിൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പ്രത്യേക മാനദണ്ഡമൊന്നും നിശ്ചയിച്ചിട്ടില്ല. നാട്പാക്കിൽ സീനിയറായ ജീവനക്കാരെ ആരെയുംതന്നെ തരംതാഴ്ത്തി നിയമിച്ചിട്ടില്ല. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടിയും പ്രോജക്ടുകളുടെയും ഗവേഷണ പ്രവർത്തനങ്ങളുടെയും നടത്തിപ്പിനുവേണ്ടിയും ജോലിയുടെ സ്വഭാവമനുസരിച്ച് നിലവിലുണ്ടായിരുന്ന നാല് യൂണിറ്റുകളെ Research, Informatic Engineering, Transport Planning, Transport Economics, Extension services എന്നീ ഡിവിഷനുകളായി തരംതിരിക്കുകയും യോഗ്യതയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ ജീവനക്കാരെ ഈ ഡിവിഷനുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് പൂർണ്ണമായും ഡയറക്ടറുടെ അധികാര പരിധിയിൽപ്പെടുന്നതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കൃത്യമായി സൂക്ഷിക്കാനുള്ള സംവിധാനം നാട്പാക്കിൽ ഉണ്ട്. അതിൽ യാതൊരു കൃത്രിമവും നടന്നിട്ടില്ല. 1994-നു ശേഷം നാട്പാക്കിൽ സ്ഥിരമായ നിയമനങ്ങൾ യാതൊന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പിനാവശ്യമായ ആളുകളുടെ സേവനം അതാത് സമയങ്ങളിൽ കരാർ അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും ഉപയോഗപ്പെടുത്താറുണ്ട്. സ്ഥാപനങ്ങളിലെ സ്ഥലംമാറ്റവും മറ്റും രാഷ്ട്രീയപ്രേരിതമാണെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ ആരോപണത്തെ ഗവൺമെന്റ് ശക്തിയായി നിഷേധിക്കുന്നു.

4. ദൂരദർശൻ-ആകാശവാണി ജീവനക്കാരുടെ സമരം

ശ്രീ. പാലോട് രവി : സർ, നമ്മുടെ സംസ്ഥാനത്തും കേന്ദ്രത്തിലും, പൊതുവിൽ എല്ലായിടത്തും ദൂരദർശനിലെയും ആകാശവാണിയിലെയും ജീവനക്കാർ കഴിഞ്ഞ ആറുദിവസമായി പണിമുടക്കിലാണ്. ഇന്നലെമുതൽ ദൂരദർശനിലെയും ആകാശവാണിയിലെയും വാർത്തകളെ അത് പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ദൂരദർശൻ കേന്ദ്രത്തിലെ ഭൂതല-ഉപഗ്രഹ സംപ്രേക്ഷണം സമരംമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ഏതാണ്ട് ഇരുപത്തിനാലായിരത്തോളം വരുന്ന ജീവനക്കാരുടെ ഈ പ്രശ്നത്തിൻമേൽ നിഷേധാത്മകമായ ഒരു സമീപനമാണ് പ്രസാർഭാരതി ബോർഡ് സ്വീകരിച്ചിരിക്കുന്നത്. സമരം ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ജീവനക്കാരുടെ സംഘടനകളും തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് വാർത്തകൾ ഉൾപ്പെടെയുള്ള സംപ്രേക്ഷണത്തിന്റെ കാര്യത്തിൽ 100 ശതമാനം തടസ്സം നേരിട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ജീവനക്കാർക്ക് അനുകൂലമായ ഒരു ഒത്തുതീർപ്പ് ചർച്ച വിളിച്ചുകൂട്ടി ഇത് ഒത്തുതീർപ്പാക്കുന്നതിന് കേന്ദ്രഗവൺമെന്റുമായി അടിയന്തിരമായി ഇടപെടാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത്. ദൂരദർശനിലെയും ആകാശവാണിയിലെയും ജീവനക്കാരുടെ സമരം അവസാനിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേന്ദ്രഗവൺമെന്റാണ് നടപടി സ്വീകരിക്കേണ്ടത്. സമരം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടി ഉടൻ സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ഉടൻതന്നെ സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly